"ഭരണഭാഷ - മാതൃഭാഷ"

ക്യൂ.ഐ.പി.2/13536/2024/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 31-08-2024

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - പ്രവർത്തന പുസ്തകങ്ങൾ - സംബന്ധിച്ച്

സൂചന :- എസ് സി ആർ റ്റി ദയറക്ടറുടെ 2024 ഓഗസ്റ്റ് 8 ലെ P1/14/2024/SCERT നമ്പർ കത്ത്

*****

കേരള കരിക്കുലം ഫ്രെയിംവർക്ക് (കെ.സി.എഫ്.) 2023 പ്രകാരം നിലവിലെ 'പ്രവൃത്തി പഠനവും' 'തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസവും' ഇനി മുതൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസമെന്ന് (Work Integrated Education) പുനർനാമകരണം ചെയ്തിട്ടുണ്ട്. സ്കൂൾ ടൈം ടേബിളിലും മറ്റ് രേഖകളിലും ടി മാറ്റം നടപ്പിൽ വരുത്തണം.

പാഠപുസ്തക പരിഷ്കരണവുമായി ബന്ധപ്പെട്ട ഒരു പ്രധാന പരിഷ്കാരം തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് കേരളത്തിലെ അഞ്ചാംതരം മുതൽ പ്രവർത്തന പുസ്തകം നിലവിൽ വന്നു എന്നതാണ്. പഠനത്തെ തൊഴിൽ ഉദ്ഗ്രഥിതമാക്കുക വഴി അറിവും കഴിവും മനോഭാവവും ശേഷികളും കുട്ടികളിൽ വികസിക്കുന്നു. സമൂഹവുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ അറിവ് നിർമ്മാണത്തിന് കൂടുതൽ സഹായകരമാവും. കുട്ടികളിലും അധ്യാപകരിലും പൊതുസമൂഹത്തിലും അഭികാമ്യമായ തൊഴിൽ സംസ്കാരം, തൊഴിൽ മൂല്യങ്ങൾ, തൊഴിൽ ആഭിമുഖ്യം, തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ് എന്നിവ രൂപപ്പെടേണ്ടതുണ്ട്. കൂടാതെ തങ്ങളുടെ ഇഷ്ടമേഖലകൾ കണ്ടെത്തി തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും വിവിധ വിഷയങ്ങളുമായി തൊഴിൽ നൈപുണികളെ ഉദ്ഗ്രഥിക്കുന്നതിനും കുട്ടികൾക്ക് വിവിധ തൊഴിൽ സാധ്യതകളെ പരിചയപ്പെടുത്തേണ്ടതുണ്ട്. അതിനാൽ വിമർശനാത്മകചിന്ത,

നൈപുണീവികാസം, നൂതനാശയങ്ങൾ രൂപീകരിക്കൽ ഇതിനൊക്കെ ഉതകുന്ന വിധത്തിലാണ് തൊഴിൽ ഉദ്ഗ്രഥിത പ്രവർത്തന പുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. അഞ്ചാം ക്ലാസ് മുതൽ തന്നെ തൊഴിൽ ഉദ്ഗ്രഥിത പഠനത്തിനായി പ്രവർത്തനപുസ്തകങ്ങൾ ഈ അധ്യയനവർഷം മുതൽ പഠിതാക്കൾക്ക് ലഭ്യമാണ്. അധ്യാപകർക്കായി അധ്യാപക സഹായിയും ലഭ്യമാക്കിയിട്ടുണ്ട്.

ഒമ്പതാം ക്ലാസിൽ 'സ്വയം ഒരുങ്ങാം' എന്ന ഒന്നാം ഭാഗം ഇപ്പോൾ തന്നെ പഠിതാക്കൾക്ക് ലഭ്യമാണ്. രണ്ടാം ഭാഗം പതിനൊന്ന് തൊഴിൽ മേഖലകളായി തിരിച്ചിട്ടുണ്ട്. അതിൻറെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇതിൽ നിന്നും ഏതെങ്കിലും ഒരെണ്ണം കുട്ടിക്ക് തൻറെ താല്പര്യം മുൻനിറുത്തി തെരഞ്ഞെടുത്ത് 30 മണിക്കൂർ തൊഴിൽ പരിശീലനം നേടാവുന്നതാണ്.

പതിനൊന്ന് നൈപുണി മേഖലകളും ഒരു സ്കൂളിൽ അനുവദിക്കുന്നതിനും ക്ലാസുകൾ നടത്തുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം സ്കൂളുകൾക്ക് അവയുടെ തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്. ആകെ 11 തൊഴിൽ മേഖലകൾ, അതിനെ മൂന്ന് ഗ്രൂപ്പുകളാക്കി തരം തിരിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് അതിൽ ഏതെങ്കിലും ഓരോ തൊഴിൽ മേഖല വീതം ഓരോ ഗ്രൂപ്പിൽ നിന്നും തെരെഞ്ഞെടുക്കാവുന്നതാണ്. ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ ഓരോ തൊഴിൽ മേഖലയും പഠിക്കാൻ ചുരുങ്ങിയത് 30 കുട്ടികളെങ്കിലും ഉണ്ടെന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. എസ്.ആർ.ജി., പി.ടി.എ. എന്നിവയുമായി കൂടിയാലോചന നടത്തിയതിനുശേഷം മാത്രമേ കുട്ടികൾക്കായുള്ള തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കാവൂ. ഇതിനായി നടത്തുന്ന മീറ്റിംഗുകളുടെ മിനിട്സ് പ്രഥമാധ്യാപകർ സൂക്ഷിക്കേണ്ടതാണ്.

അവശ്യം വേണ്ട കൂടിയാലോചനകൾ നടത്തിയതിൻറെ അടിസ്ഥാനത്തിലായിരിക്കണം ഓരോ സ്കൂളും 3 തൊഴിൽ മേഖലകൾ നിശ്ചയിക്കേണ്ടത്. സ്കൂളിന്റെ പശ്ചാത്തലം, പ്രാദേശിക തൊഴിൽ വിദ്ഗധരുടെ ലഭ്യത, എന്നിവ കൂടി പരിഗണിച്ചായിരിക്കണം തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കേണ്ടത്.

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം - ക്ലാസ് 9 - പാർട്ട് ബി

| തൊഴിൽ മേഖലകൾ | | | |
|---|---|---|---|
| ക്രമ നമ്പർ | ഗ്രൂപ്പ് 1 | ഗ്രൂപ്പ് 2 | ഗ്രൂപ്പ് 3 |
| 1 | കൃഷി - വിളവിന്റെ വിജ്ഞാനം | മാധ്യമങ്ങളും വിനോദവും - മാധ്യമനൈപുണികൾ : അറിയാം നേടാം | പാർപ്പിടം - പാർപ്പിട നിർമ്മാണം - അടിസ്ഥാന ആശയങ്ങൾ |
| 2 | ഭക്ഷ്യവ്യവസായം - രുചിക്കൂട്ടുകളുടെ ലോകം | ടൂറിസം - ടൂറിസവും ആതിഥേയത്വവും | പ്ലംബിംഗ് (Plumbing) - പൈപ്പുകളും ഫിറ്റിങ്ങുകളും- പ്ലംബിംങ്ങിന് ഒരു വഴികാട്ടി |
| 3 | ഹരിത സാങ്കേതികവിദ്യ-പാരിസ്ഥിതി പരിപാലനം ഹരിത സാങ്കേതിക വിദ്യയിലൂടെ | ധനകാര്യം-സാമ്പത്തിക സാക്ഷരത | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് - ഇസി-ട്രോണിക്സ് |
| 4 | ---------------- | വസ്ത്രം - പാഷൻ ഇൻ ഫാഷൻ | പ്രിന്റിംഗ് & സ്റ്റേഷണറി – പ്രിന്റിങ്ങും പാക്കേജിങ്ങും |

കുറിപ്പ്: ഓരോ തൊഴിൽ മേഖലയിലും തയ്യാറാക്കിയിട്ടുള്ള ബ്രോഷർ ഉള്ളടക്കം ചെയ്തിട്ടുണ്ട്. അത് വായിച്ചു നോക്കി തീരുമാനം എടുക്കേണ്ടതാണ്.

ഒരു സ്കൂളിന് മേൽ സൂചിപ്പിച്ച 3 ഗ്രൂപ്പുകളിൽ നിന്നുമായി ഓരോ തൊഴിൽ മേഖലകൾ വീതം തെരഞ്ഞെടുക്കാം. ഒരു ഗ്രൂപ്പിൽ നിന്നും ഒന്നിൽ കൂടുതൽ മേഖലകൾ തെരഞ്ഞെടുക്കാൻ പാടുള്ളതല്ല. ഉദാഹരണത്തിന് ഗ്രൂപ്പ് ഒന്നിൽ 'കൃഷി' തെരഞ്ഞെടുക്കുകയാണെങ്കിൽ പിന്നെ ഗ്രൂപ്പ് ഒന്നിൽ നിന്നും മറ്റൊരു മേഖലയും തെരഞ്ഞെടുക്കാൻ പാടുള്ളതല്ല. ഓരോ മേഖലയിലും ചുരുങ്ങിയത് 30 കുട്ടികൾ വീതം ഉണ്ടായിരിക്കണം. ഒരു സ്കൂളിൽ ഒമ്പതാം ക്ലാസിൽ ആകെ 30 ൽ താഴെ കുട്ടികളാണ് ഉള്ളതെങ്കിൽ മേൽ സൂചിപ്പിച്ച മൂന്ന് ഗ്രൂപ്പുകളിൽ നിന്നുമായി

ഏതെങ്കിലും ഒരു തൊഴിൽ മേഖല മാത്രമേ തെരഞ്ഞെടുക്കാവൂ. ആകെ 31 മുതൽ 60 വരെ കുട്ടികളാണ് ഉള്ളതെങ്കിൽ ഗ്രൂപ്പുകളിൽ നിന്നുമായി ഏതെങ്കിലും 2 തൊഴിൽ മേഖലകൾ മാത്രം തെരഞ്ഞെടുക്കാം. 60 കുട്ടികളിൽ കൂടുതൽ എത്ര പേർ ഉണ്ടെങ്കിലും ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ തൊഴിൽ മേഖല വീതം തെരഞ്ഞെടുക്കാവുന്നതാണ്. ഒരു കുട്ടി ഏതെങ്കിലും ഒരു തൊഴിൽ മേഖല മാത്രമേ തെരഞ്ഞെടുക്കുന്നുള്ളൂവെന്നത് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് അനുവദിച്ചിട്ടുള്ള പീരീഡുകളിൽ പ്രസ്തുത പ്രവർത്തന പുസ്തകങ്ങൾ വിനിമയം ചെയ്യുന്നുണ്ടെന്ന് പ്രധാനാധ്യാപകൻ ഉറപ്പാക്കേണ്ടതാണ്.

Signed by
Santhosh C A
Date: 31-08-2024 11:30:13

SANTHOSH C A
ADDITIONAL DIRECTOR (ACD)
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ , എസ്.എസ്.കെ.
സി.ഇ.ഒ. , കൈറ്റ്.
ഡയറക്ടർ, സീമാറ്റ്.
വിദ്യാകിരണം സ്റ്റേറ്റ് കോർഡിനേറ്റർ.
സ്പെഷ്യൽ ഓഫീസർ, വർക്ക് എക്സ്പീരിയൻസ്